# കേരള സർവകലാശാല

നം. പി.ആർ.135/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സിൻഡിക്കേറ്റ് : സർക്കാർ നോമിനികൾ

കേരള സർവകലാശാല സിൻഡിക്കേറ്റിൽ ഡോ. ഗിരീഷ് കുമാർ ആർ, ഡോ. റോസമ്മ ഫിലിപ്, ഡോ. കെ അനിൽകുമാർ, പ്രൊഫ. എം. ജമാൽകുഞ്ഞ്, ഡോ. പി.ഒ വർഗ്ഗീസ് എന്നിവർക്ക് പകരമായി ശ്രീ. എം. ശ്രീകുമാർ, ഡോ. ആർ ലതാദേവി, ഡോ. കെ മാണിക്കരാജ്, ശ്രീ. പി. ബിജു, അഡ്വ. കെ.എച്ച്. ബാബുജാൻ എന്നിവരെ സർക്കാർ നാമനിർദ്ദേശം ചെയ്തു.

### എൽ.എൽ.ബി പരീക്ഷാഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (ത്രിവത്സരം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 20 വരെ ഓൺലൈൻ വഴി അപേക്ഷിക്കാം.

### എം.എഡ് : സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാലയുടെ കീഴിലെ ട്രെയിനിംഗ്കോളേജുകളിൽ 2016-18 അധ്യയനവർഷത്തെ എം.എഡ് കോഴ്സിലേക്ക് ഒഴിവുള്ള സീറ്റുകളിൽ ജൂലൈ 28, 29 തീയതികളിൽ സ്പോട്ട് അഡ്മിഷൻ അതത് കോളേജുകളിൽ നടത്തും. പ്രവേശനം ആഗ്രഹിക്കുന്നവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി പ്രസ്തുത ദിവസങ്ങളിൽ രാവിലെ 10 മണിക്കകം കോളേജുകളിൽ ഹാജരാകണം. എല്ലാ കോളേജുകളും ജൂലൈ 30-നകം എം.എഡ് കോഴ്സുകളിലേക്കുള്ള പ്രവേശന നടപടികൾ പൂർത്തിയാക്കണം.

### പി.ജി.ഡി.ഇ.സി ഇന്റർവ്യൂ

കേരള സർവകലാശാല പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ പ്രവേശനത്തിനുള്ള ഇന്റർവ്യൂ ജൂലൈ 28 രാവിലെ 10 മണിക്ക് പാളയം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ നടത്തും. അഡ്മിഷൻ മെമ്മോ ലഭിക്കാത്തവർ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ. 0471-2386325.

### ബി.ടെക് : പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാല നാലാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എച്ച്.എം.സി.ടി പ്രവേശനം

കേരള സർവകലാശാല ആലപ്പുഴ ശ്രീ നാരായണ ഗുരു മെമ്മോറിയൽ കാറ്ററിംഗ് കോളേജ്, കരുവാറ്റ സ്നേഹാചാര്യ ഇൻസ്റ്റിറ്റിറ്റ്യൂട്ട് ഓഫ് എച്ച്.എം.സി.ടി, തിരുവനന്തപുരം ലൂർദ്സ് മാത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

എച്ച്.എം.സി.ടി എന്നിവിടങ്ങളിൽ 2016–17 അധ്യയനവർഷം ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി പ്രവേശനത്തിന് ആഗസ്റ്റ് നാല് വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ത്രിദിന അന്തർദേശീയ സെമിനാർ

കേരള സർവകലാശാല കാര്യവട്ടം ബോട്ടണി പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ ത്രിദിന അന്തർദേശീയ സെമിനാർ ഡിസംബർ 15 മുതൽ 17 വരെ നടത്തും. വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
26.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**